2023

# നോർക്ക ന്യൂസ്

ന്യൂസ്‌ലെറ്റർ

Government of Kerala

NORKA ROOTS
A Government of Kerala Undertaking

ജനുവരി 2023



## സന്ദേശം

പ്രവാസികൾക്കായി സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന വിവിധ പദ്ധതികളെക്കുറിച്ചും നോർക്ക റൂട്ട്സിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിനായി "നോർക്ക ന്യൂസ്' പുനഃപ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ സന്തോഷം.

പ്രവാസികളുടെ ക്ഷേമത്തിനുവേണ്ടി ഇന്ത്യയിൽ ആദ്യമായി ഒരു വകുപ്പ് രൂപീകരിച്ച സംസ്ഥാനമാണ് കേരളം. ഈ മാതൃകയാണ് രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾ ഇപ്പോൾ പിന്തുടരുന്നുവെന്നത് അഭിമാനാർഹമായ കാര്യമാണ്. ഇതര സംസ്ഥാനങ്ങളിലും വിദേശത്തും ജോലിചെയ്യുന്നവരോ താമസിക്കുന്നവരോ ആയ കേരളീയരുടെ പ്രശ്നങ്ങൾ പരിഹരിക്കുകയും അവരുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കുകയും ചെയ്യുക എന്നതാണ് പ്രവാസിക്ഷേമവകുപ്പിന്റെയും അതിന്റെ ഫീൽഡ് ഏജൻസിയായ നോർക്ക റൂട്ട്സിന്റെയും ലക്ഷ്യം.

പ്രവാസത്തിന്റെ എല്ലാ മേഖലകളെയും ഉൾക്കൊള്ളുന്ന സർവതലസ്പർശിയായ കാഴ്ചപ്പാടോടെ പ്രവാസിക്ഷേമവകുപ്പും നോർക്ക റൂട്ട്സും നടത്തിവരുന്ന പ്രവർത്തനങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ ഈ ന്യൂസ് ലെറ്റർ ഉപകാരപ്രദമാകുമെന്ന് കരുതുന്നു. ഈ സംരംഭത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

എല്ലാവർക്കും പുതുവത്സരാശംസകൾ..

**പിണറായി വിജയൻ**
മുഖ്യമന്ത്രി

## നോർക്ക ഫോറിൻ ലാംഗ്വേജ് ഇൻസ്റ്റിറ്റ്യൂട്ട്

# യാഥാർഥ്യത്തിലേയ്ക്ക്...

NORKA INSTITUTE OF FOREIGN LANGUAGE

കേരളത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾക്ക് രാജ്യാന്തരതലത്തിൽ തൊഴിൽ ലഭിക്കുന്നതിന് സഹായകരമാകുന്ന നോർക്ക റൂട്ട്സിന്റെ വിദേശഭാഷാ പഠന കേന്ദ്രം ഉടൻ യാഥാർത്ഥ്യമാകും. കേന്ദ്രത്തിന്റെ ഉദ്ഘാടനം നോർക്ക റൂട്ട്സ് ചെയർമാൻകൂടിയായ മുഖ്യമന്ത്രി നിർവഹിക്കും.ഇംഗ്ളീഷ് ഭാഷയിൽ ഒ ഇ റ്റി (O.E.T) , ഐ ഇ എൽ ടി എസ് (IELTS) CEFR എ 1 ലവൽ മുതൽ ബി 2 ലവൽ വരെയും പഠിക്കാൻ ഇവിടെ അവസരം ഉണ്ടാകും. ആദ്യഘട്ടത്തിൽ ഇംഗ്ലീഷ് ഭാഷാ പഠനവും, പിന്നീട് മറ്റ് വിദേശഭാഷകളും ഉൾപ്പെടുത്തും. മികച്ച അദ്ധ്യാപകർ, സൗണ്ട് പ്രൂഫ് ലാംഗ്വേജ് ലാബ്, അത്യാധുനിക ക്ലാസ് മുറികൾ എന്നിവയെല്ലാം അന്താരാഷ്ട്രനിലവാരത്തിലുള്ളവയാകും. അന്താരാഷ്ട്ര നിലവാരമുള്ള ഭാഷാപഠന കേന്ദ്രങ്ങൾ തുടങ്ങുന്നതിന്റെ ആദ്യപടിയാണ് ഈ സംരംഭം. തിരുവനന്തപുരത്തായിരിക്കും ആസ്ഥാനം.

ആദ്യ ഘട്ടത്തിൽ ജി.എൻ. എം , ബി.എസ്.സി യോഗ്യതയുള്ള നഴ്സുമാർക്ക് മാത്രമായിരിക്കും പ്രവേശനം. ബി പി എൽ വിഭാഗത്തിനും എസ് സി ,എസ് ടി വിഭാഗത്തിനും പഠനം പൂർണ്ണമായും സൗജന്യമായിരിക്കും. മറ്റ് എ.പി.എൽ വിഭാഗങ്ങൾക്ക് 25 ശതമാനം ഫീസ് അടച്ചാൽ മതിയാകും. ഒ ഇ ടി, ഐ ഇ എൽ ടി എസ് പരീക്ഷകളിൽ വിജയിക്കാൻ കഴിയാത്ത, വിജയത്തിനടുത്ത് സ്കോർ നേടിയവർക്കും, കേരള നോളജ് എക്കോണമി മിഷന്റെ DWMS ആപ്പിലെ ഇംഗ്ലീഷ് ടെസ്റ്റിൽ മികച്ച സ്കോർ നേടിയവർക്കും, നോർക്ക-യു.കെ കരിയർ ഫെയറിലോ മറ്റേതെങ്കിലും അംഗീകൃത വിദേശ തൊഴിൽ ദാതാക്കളിൽ നിന്നോ കണ്ടീഷണൽ ഓഫർ ലെറ്റർ ലഭിച്ച ഉദ്യാഗാർത്ഥികൾക്കും മുൻഗണന ഉണ്ടാകുമെന്ന് നോർക്ക റൂട്ട്സ് റെസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ അറിയിച്ചു.

പഠനമികവുള്ള ഉദ്യോഗാർത്ഥികൾക്ക് നോർക്കയുമായി അസോസിയേറ്റ് ചെയ്തിരിക്കുന്ന യുണൈറ്റഡ് കിംഗ്ഡമിലെ ഹമ്പർ ആന്റ് നോർത്ത് യോർക്ക് ഷെയർ (ICB) ഏരിയയിലുള്ള 50 ലധികം എൻ എച്ച് എസ് ട്രസ്റ്റ് ഹോസ്പിറ്റലുകളിൽ തൊഴിൽ നേടാൻ അവസരം ഉണ്ടാകുമെന്ന് നോർക്ക ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കെ. ഹരികൃഷ്ണൻ നമ്പൂതിരി പറഞ്ഞു.




# തൊഴിൽ വാതായനങ്ങൾ തുറന്ന്
# നോർക്ക–യു.കെ. കരിയർ ഫെയർ...

നോർക്ക റൂട്ട്സിന്റെ നേതൃത്വത്തിൽ കൊച്ചിയിൽ നടന്ന യു.കെ കരിയർ ഫെയർ ശ്രദ്ധേയമായി. യു.കെ. ആരോഗ്യ മേഖലയിലെ എൻ.എച്ച്.എസ്സിനു (നാഷണൽ ഹെൽത്ത് സർവ്വീസ് ) കീഴിലുളള വിവിധ സ്ഥാപനങ്ങളിലേയ്ക്കും, ഇതര മേഖലകളിലേയ്ക്കുമുളള റിക്രൂട്ട്മെന്റിന്റെ ആദ്യഘട്ടമാണ് വിജയകരമായി പൂർത്തിയായത്. അഭിമുഖത്തിൽ തെരഞ്ഞെടുക്കപ്പെട്ടവരുടെ പട്ടിക നോർക്ക റൂട്ട്സ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

തൊഴിൽ ദാതാക്കളുടെ പ്രതിനിധികൾ, ഇന്റർവ്യൂ പാനലിസ്റ്റുകൾ, യു.കെ എൻ.എച്ച്.എസ്സ് നിരീക്ഷകർ എന്നിവരുൾപ്പെടെ നാല്പതോളം പേരാണ് അഭിമുഖം നടത്തുന്നതിനായി യു.കെയിൽ നിന്നെത്തിയത്. സൈക്യാട്രി സ്പെഷ്യാലിറ്റി ഡോക്ടർമാർ, വിവിധ സ്പെഷ്യാലിറ്റികളിലേയ്ക്കുളള നഴ്സുമാർ, സീനിയർ കെയറർ, ഫിസിയോതെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, ഡയറ്റീഷ്യൻ, റേഡിയോഗ്രാഫർ, ഒക്യുപ്പേഷണൽ തെറാപ്പിസ്റ്റ്, ഫാർമസിസ്റ്റ്, സോഷ്യൽ വർക്കർ എന്നിങ്ങനെ 13 മേഖലകളിൽ നിന്നുളളവർക്കാണ് റിക്രൂട്ട്മെന്റിൽ പങ്കെടുക്കാൻ അവസരം ലഭിച്ചത്. ആദ്യമായാണ് നോർക്ക റൂട്ട്സിന്റെ നേതൃത്വത്തിൽ ഇത്രയധികം തൊഴിൽ രംഗങ്ങളിലേയ്ക്ക് ഒരുമിച്ച് റിക്രൂട്ട്മെന്റ് നടത്തുന്നത്.

എറണാകുളം താജ് ഗേറ്റ് വേ ഹോട്ടലിൽ നടന്ന യുകെ കരിയർ ഫെയർ നോർക്ക റൂട്ട്സ് റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണനാണ് ഉദ്ഘാടനം ചെയ്തത്. മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിലുള്ള കേരള സംഘത്തിന്റെ ലണ്ടൻ സന്ദർശനത്തിന്റെ ഭാഗമായി ഒപ്പുവച്ച കരാർ പ്രകാരമാണ് കരിയർ ഫെയർ നടന്നത്.

യുണൈറ്റഡ് കിംഗ്ഡമിൽ (യു.കെ) എൻ.എച്ച്. എസ്സ് സേവനങ്ങൾ ലഭ്യമാക്കുന്ന ഇന്റഗ്രേറ്റഡ് കെയർ പാർട്ട്ണർഷിപ്പുകളിൽ ഒന്നായ Humber and North Yorkshire Health & Care Partnership, നോർത്ത് ഈസ്റ്റ് ലിങ്കൻഷെയറിലെ ഹെൽത്ത് സർവ്വീസിന്റെ മാനസിക ആരോഗ്യ സേവനങ്ങൾ പ്രദാനം ചെയ്യുന്ന നാവിഗോ എന്നിവരുമായിട്ടാണ് നോർക്ക റൂട്ട്സ് കരാറിൽ ഏർപ്പെട്ടത്. കരിയർ ഫെയറിന്റെ രണ്ടാം ഘട്ടം മാർച്ചിൽ നടത്താൻ ധാരണയായിട്ടുണ്ട്.

കരിയർ ഫെയറിന്, നോർക്ക റൂട്ട്സ് സി.ഇ.ഒ. ഹരികൃഷ്ണൻ നമ്പൂതിരി, ജനറൽ മാനേജർ അജിത്ത് കോളശ്ശേരി, റിക്രൂട്ട്മെന്റ് മാനേജർ ശ്യാം.ടി.കെ എന്നിവർ നേതൃത്വം നൽകി. നാവിഗോ ഡെപ്യൂട്ടി ചീഫ് എക്സിക്യൂട്ടീവ് മൈക്ക് റീവ്, ഹമ്പർ ആന്റ് നോർത്ത് യോക്ക്ഷെയർ ഹെൽത്ത് ആന്റ് കെയർ പാർട്ട്ണർഷിപ്പിന്റെ സ്ട്രാറ്റജിക് കൾച്ചറൽ ആന്റ് വർക്ക് ഫോഴ്സ് ലീഡ് കാത്തി മാർഷൽ തുടങ്ങിയവരും പങ്കെടുത്തു.

NORKA ROOTS
A Government of Kerala Undertaking

INDIAN INSTITUTE OF MANAGEMENT KOZHIKODE

## ആഗോള തൊഴിൽസാധ്യത പഠിക്കാൻ നോർക്കയും ഐഐഎമ്മും തമ്മിൽ ധാരണ

ആഗോള തൊഴിൽ മേഖലയിലെ പുത്തൻ പ്രവണതകളും ഭാവിയിലെ തൊഴിൽ സാധ്യതകളും പഠന വിധേയമാക്കുന്നതിന് നോർക്ക റൂട്ട്സും കോഴിക്കോട് ഐഐഎമ്മും തമ്മിൽ കൈകോർക്കുന്നു. കോവിഡാനന്തര ലോകക്രമത്തിൽ തൊഴിൽ മേഖലയിലുണ്ടായ മാറ്റങ്ങളും പുത്തൻ കുടിയേറ്റ സാധ്യതകളും പരിശോധിക്കാനും പുതുതലമുറയ്ക്ക് തൊഴിലവസരങ്ങളെക്കുറിച്ച് അറിവ് പകരുന്നതിനും ഐ.ഐ.എംമ്മിനെക്കൊണ്ട് പഠനം നടത്താൻ നോർക്ക തീരുമാനിച്ചു.

വിദേശ റിക്രൂട്ട്മെന്റ് എന്നത് നിരവധി നിയമവ്യവസ്ഥകൾക്കുംനിയന്ത്രണങ്ങൾക്കും വിധേയമായ ഒന്നായതിനാൽ, ഈ മേഖലയിൽ ഇടപെടുന്നതിന് വൈദഗ്ദ്ധ്യം ആവശ്യമാണ്. ഈ സാഹചര്യത്തിൽ സുതാര്യവും നിയമപരവും വ്യവസ്ഥാപിതവുമായ ഒരു റിക്രൂട്ട്മെന്റ് സമ്പ്രദായത്തെ ശക്തിപ്പെടുത്താനുള്ള ശ്രമമാണ് പഠനത്തിലൂടെ നോർക്ക റൂട്ട്സ് നടത്തുന്നത്. മാറിമാറിവരുന്ന ആഗോള പശ്ചാത്തലത്തിൽ ഗുണപരമായതൊഴിൽ കുടിയേറ്റ സാധ്യതകൾ അന്വേഷിച്ച് കണ്ടെത്തുന്നതിന് കൂടിയാണ് പഠനം. പുതിയ തൊഴിൽ മാർക്കറ്റുകൾ, തൊഴിൽ ശീലങ്ങൾ, സാങ്കേതിക വിദ്യകൾ, നൈപുണ്യ ശേഷി, നവീനാശയങ്ങൾ,ഭാവിപ്രവചനങ്ങൾ എന്നിവയെല്ലാം ഗവേഷണത്തിന് വിഷയമാകും വിദേശത്തും സ്വദേശത്തുമുള്ള തൊഴിൽ സാധ്യതകൾ മനസ്സിലാക്കുന്നതിനോടൊപ്പം നിയമപരവും സുരക്ഷിതവും ഗുണമേന്മയുള്ളതുമായ ഭാവിതൊഴിൽ കുടിയേറ്റം പ്രായോഗികമാക്കാനുള്ള മാർഗനിർദ്ദേശങ്ങൾ പഠനത്തിൽ നിന്ന് ലഭിക്കുമെന്നാണ് പ്രതീക്ഷ.





# ഫിൻലന്റിലെ തൊഴിൽ സാധ്യതകൾ: ചർച്ച നടത്തി

കേരളത്തിലെ പ്രൊഫഷണലുകൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുള്ള സാധ്യത സംബന്ധിച്ച് നോർക്ക അധികൃതർ ഫിൻലന്റ് പ്രതിനിധികളുമായി ഡൽഹിയിൽ ചർച്ച നടത്തി. തൊഴിൽ കുടിയേറ്റം വേഗത്തിലാക്കുന്നതിനും ഇതിനായുള്ള നടപടികൾ ലഘൂകരിക്കുന്നതിനുമുള്ള വിഷയത്തിലാണ് തുടർചർച്ച നടന്നത്. ഡൽഹിയിലെ ഫിൻലന്റ് എംബസ്സിയിൽ നടന്ന ചർച്ചയിൽ നോർക്ക പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല, നോർക്ക സി.ഇ.ഒ കെ. ഹരികൃഷ്ണൻ നമ്പൂതിരി, ജനറൽ മാനേജർ അജിത്ത് കോളശ്ശേരി, എന്നിവർ നേതൃത്വം നൽകി.

കേരളത്തിൽ നിന്നുള്ള നഴ്സിങ്ങ് പ്രൊഫഷണലുകൾക്ക് ഫിൻലാന്റിലെ തൊഴിൽ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നത് ക്രിയാത്മകമായ ചർച്ചയാണ് നടന്നത്. ഇതിനായി ഫിൻലന്റിലേയും കേരളത്തിലേയും നഴ്സിങ്ങ് പഠനത്തിലെ കരിക്കുലം ഏകോപനം സാധ്യമാകുമോ എന്ന് പരിശോധിക്കാൻ തീരുമാനമായതായി നോർക്ക സി.ഇ.ഒ കെ. ഹരികൃഷ്ണൻ നമ്പൂതിരി അറിയിച്ചു.

ഇന്ത്യയിൽ ഔദ്യോഗിക സന്ദർശനത്തിനെത്തിയ ഫിൻലാന്റ് തൊഴിൽ വകുപ്പ് മന്ത്രി മിസ്സ്. ടൂല ഹാറ്റിയാനെൻ (Ms. Tuula Haatainen), ഇന്ത്യയിലെ ഫിൻലാന്റ് അംബാസിഡർ മിസ്സ്. റിത്വ കൗക്കു (Ms.Ritva koukku ) എന്നിവരുമായിട്ടായിരുന്നു ചർച്ച.

# പ്രവാസി ലോൺമേള : 838 സംരംഭങ്ങൾക്ക് അനുമതി

നോർക്ക റൂട്ട്സിന്റെയും എസ്. ബി. ഐ യുടേയും ആഭിമുഖ്യത്തിൽ കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ സംഘടിപ്പിച്ച പ്രവാസി ലോൺമേളയിൽ 838 സംരംഭങ്ങൾക്ക് പ്രാഥമിക അനുമതി ലഭിച്ചു. അഞ്ചു ജില്ലകളിൽ മൂന്ന് ദിവസങ്ങളിലായാണ് മേള നടന്നത്. ആകെ 1275 അപേക്ഷകളാണ് ലഭിച്ചത്. കണ്ണൂർ ജില്ലയിൽ പങ്കെടുത്ത 251 പേരിൽ 140 പേർക്കും, കോഴിക്കോട് 290 പേരിൽ 164 പേർക്കും, മലപ്പുറത്ത് 343 അപേക്ഷകരിൽ 274 പേർക്കും, പാലക്കാട് 228 ൽ 156 പേർക്കും, തൃശ്ശൂരിൽ 163 അപേക്ഷകരിൽ 104 പേർക്കും എസ്. ബി.ഐ ലോൺ ശുപാർശ കത്ത് നൽകിയിട്ടുണ്ട്. ബാങ്ക് നിർദ്ദേശിച്ച രേഖകളും മറ്റ് നടപടിക്രമങ്ങളും പൂർത്തിയാകുന്നതനുസരിച്ച് ഉടൻ സംരംഭകർക്ക് ലോൺ ലഭ്യമാകും. നടപടിക്രമങ്ങൾ പൂർത്തിയാകുന്ന അവസരത്തിൽ ലോൺ വിതരണ മേള നടത്താനും തീരുമാനിച്ചിട്ടുണ്ട്.




പ്രവാസി ലോൺമേളയുടെ സംസ്ഥാനതല ഉദ്ഘാടനം മലപ്പുറത്ത് എംഎൽഎ പി. ഉബൈദുള്ള നിർവഹിക്കുന്നു. നോർക്ക റൂട്ട്സ് റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ അധ്യക്ഷനായിരുന്നു




# ലഹരിക്കെതിരെ നോർക്കയും..

ലഹരിയുപയോഗത്തിനെതിരായി സംസ്ഥാനത്ത് നടക്കുന്ന ബോധവത്ക്കരണ പരിപാടികളോടൊപ്പം നോർക്ക റൂട്ട്സും കൈകോർക്കുന്നു.

പ്രചാരണത്തിന്റെ ഭാഗമായി നോർക്ക തയ്യാറാക്കിയ ലഹരി വിരുദ്ധ സന്ദേശ മടങ്ങിയ പോസ്റ്ററുകൾ നോർക്ക റൂട്ട്സ് റസിഡന്റ് വൈസ് ചെയർമാൻ പി.ശ്രീ രാമകൃഷ്ണൻ പ്രകാശനം ചെയ്തു.

ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്നും വരുംതലമുറകളെ എന്നെന്നേയ്ക്കുമായി അകറ്റി നിർത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നും ഈ ലക്ഷ്യത്തിനായി മുന്നേറുന്ന സർക്കാരിന്റെ പ്രവർത്തനങ്ങളിൽ നോർക്ക എല്ലാവിധ സഹകരണവും നൽകുമെന്നും അദ്ദേഹം പറഞ്ഞു. നോർക്ക റൂട്ട്സിന്റെ ഓഫീസുകളിൽ ലഹരി ഉപയോഗം ശ്രദ്ധയിൽപ്പെട്ടാൽ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ നിർദ്ദേശാനുസരണം ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

നോർക്ക സെന്റർ ആസ്ഥാനത്ത് നടന്ന പ്രകാശനച്ചടങ്ങിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കെ.ഹരികൃഷ്ണൻ നമ്പൂതിരി, ജനറൽ മാനേജർ അജിത്ത് കോളശ്ശേരി എന്നിവർ സംസാരിച്ചു.

## ക്വാലാലംപൂരിൽ കുടുങ്ങിയ മലയാളിയെ നാട്ടിലെത്തിച്ചു

തൊഴിൽ തട്ടിപ്പിന് വിധേയനായി ക്വാലാലംപൂർ എയർപ്പോർട്ടിൽ കുടുങ്ങിയ മലയാളിയെ നോർക്ക റൂട്ട്സ് ഇടപെട്ട് നാട്ടിലെത്തിച്ചു. കൊൽക്കത്തയിലെ സ്വകാര്യ ഏജൻസി വഴിയാണ് എറണാകുളം സ്വദേശി പാവോത്തിത്തറ തോമസ് ജോബ് വിജു സിംഗപ്പൂരിലേയ്ക്ക് ജോലിക്കായി പോയത്. എന്നാൽ ജോലി വാഗ്ദാനം ചെയ്ത കമ്പനി എമിഗ്രേഷൻ പോളിസി പ്രകാരമുള്ള പാസ്സോ രേഖകളോ കൈമാറിയില്ല. അധികൃതരുമായി ഫോൺ വഴിയും ബന്ധപ്പെടാൻ സാധിച്ചില്ല. ഇതോടെ എയർപോർട്ടിൽ നിന്നും പുറത്തു കടക്കാനാകാത്ത സ്ഥിതിവന്നു. അങ്ങനെ സിംഗപ്പൂർ എയർപ്പോർട്ടിൽ നിന്നും തിരികെ ക്വാലാലംപൂരിലേയ്ക്ക് മടക്കി അയക്കുകയായിരുന്നു. തുടർന്ന് ഇന്ത്യൻ എംബസി ഇടപെടുകയായിരുന്നു. മുംബൈയിലെത്തിയ ഇദ്ദേഹത്തെ നോർക്ക അധികൃതർ സ്വീകരിച്ച് അവശ്യസഹായങ്ങൾ ലഭ്യമാക്കി എറണാകുളത്തേയ്ക്ക് യാത്രയാക്കി.

## ജിദ്ദയിൽ തൊഴിൽതട്ടിപ്പിനിരയായ മലയാളിയെ നാട്ടിലെത്തിച്ചു




ജിജേഷിന് മുംബൈ എൻ.ആർ.കെ ഡെവലപ്മെന്റ് ഓഫീസർ ഷെമിൻ ഖാൻ ട്രെയിൻ ടിക്കറ്റ് കൈമാറുന്നു.

സൗദി അറേബ്യയിലെ ജിദ്ദയിൽ തൊഴിൽ തട്ടിപ്പിനിരയായ കണ്ണൂർ സ്വദേശി ജിജേഷ് കമുകയെ നോർക്ക റൂട്ട്സ് ഇടപെട്ട് നാട്ടിലേയ്ക്ക് അയച്ചു. സ്വകാര്യ റിക്രൂട്ടിങ്ങ് ഏജൻസി വഴി ഹൗസ് ഡ്രൈവർ തസ്തികയിലാണ് ജിജേഷ് ജിദ്ദയിൽ ജോലിയിൽ പ്രവേശിച്ചത്. എന്നാൽ രണ്ടുമാസമായിട്ടും ശമ്പളം നൽകിയിരുന്നില്ല. ഒടുവിൽ ജിജേഷ് ഇന്ത്യൻ എംബസിയിൽ പരാതി അറിയിച്ചതിനെ തുടർന്നാണ് ജിജേഷിന്റെ മോചനം സാധ്യമായത്. മുബൈയിലെത്തിയ ജിജേഷിനെ നോർക്ക റൂട്ട്സ് മുംബൈ എൻ.ആർ.കെ ഡെവലപ്മെന്റ് ഓഫീസർ ഷെമിൻ ഖാന്റെ നേതൃത്വത്തിൽ സ്വീകരിച്ചു. പിന്നീട് യാത്രാടിക്കറ്റും മറ്റ് അവശ്യസഹായങ്ങളും ലഭ്യമാക്കി ട്രെയിൻമാർഗം നാട്ടിലേയ്ക്ക് യാത്രയാക്കുകയായിരുന്നു.

# വിദേശത്ത് നോർക്കയുടെ നിയമ സഹായ സെൽ

വിദേശ രാജ്യങ്ങളിലെ നിയമത്തെക്കുറിച്ചുള്ള അജ്ഞത കൊണ്ടും, ചെറിയ കുറ്റകൃത്യങ്ങൾ എന്നിവ മൂലവും, തന്റേതല്ലാത്ത കാരണങ്ങളാലും നിയമക്കുരുക്കിൽ അകപ്പെടുന്ന പ്രവാസികളെ സഹായിക്കാനായി നോർക്ക റൂട്ട്സ് നടപ്പിലാക്കുന്ന പദ്ധതിയാണ് പ്രവാസി നിയമ സഹായ സെൽ .

തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ നിയമക്കുരുക്കിലോ വിദേശ ജയിലുകളിലോ അകപ്പെടുന്ന നിരപരാധികളായ പ്രവാസി മലയാളികൾക്ക് ഇതുവഴി സൗജന്യ നിയമസഹായം ലഭിക്കും.

കുവൈറ്റ്, യു.എ.ഇ, സൗദി അറേബ്യ, ഖത്തർ എന്നീ രാജ്യങ്ങളിലാണ് നിലവിൽ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. പത്തോളം ലീഗൽ കൺസൾട്ടന്റുമാരെയാണ് ഈ രാജ്യങ്ങളിൽ നോർക്ക നിയമിച്ചിട്ടുള്ളത്.

നിയമസഹായം ലഭിക്കാതെ നിസാര കേസുകളിൽ അകപ്പെട്ട് പ്രവാസി മലയാളികൾ ജയിലുകളിൽ കഴിയുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് പ്രവാസി നിയമസഹായ സെൽ രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചത്. ഇതിന്റെ ഭാഗമായി കേസുകളിൻമേൽ നിയമോപദേശം, നഷ്ടപരിഹാരം/ ദയാഹർജികൾ എന്നിവയിൽ സഹായിക്കുക, നിയമ ബോധവത്ക്കരണ പരിപാടികൾ മലയാളി സാംസ്ക്കാരിക സംഘടനകളുമായി ചേർന്ന് സംഘടിപ്പിക്കുക, വിവിധ ഭാഷകളിൽ തർജ്ജമ നടത്തുന്നതിന് വിദഗ്ധരുടെ സഹായം ലഭ്യമാക്കുക, ബുദ്ധിമുട്ടുന്ന മലയാളികൾക്ക് നിയമസഹായത്തിനായുള്ള സഹായം നൽകുക തുടങ്ങിയവയെല്ലാം പ്രവാസി നിയമസഹായസെൽ വഴി ലഭ്യമാണ്.

തന്റേതല്ലാത്ത കാരണങ്ങളാൽ വിദേശരാജ്യത്ത് നിയമ പ്രശ്നങ്ങൾ നേരിടേണ്ടിവരുന്ന സാമ്പത്തിക പിന്നാക്കാവസ്ഥയിലുള്ള പ്രവാസി മലയാളികൾക്കാണ് പദ്ധതി വഴി സേവനം ലഭിക്കുക. വിദേശത്ത് തൊഴിൽ/വിസിറ്റ് വിസയിൽ പോയിട്ടുള്ള കുറഞ്ഞത് ഒരു വർഷമെങ്കിലും വിദേശത്ത് കഴിഞ്ഞിട്ടുള്ളവർക്ക് നിയമസഹായത്തിനായി അപേക്ഷിക്കാം. വിദേശ രാജ്യങ്ങളിലെ കോടതികൾ വിധിക്കുന്ന 'ദിയ മണി', കണ്ടുകെട്ടൽ, സാമ്പത്തിക ബാദ്ധ്യതകൾ, റിക്കവറി തുടങ്ങിയവയ്ക്ക് ഈ സഹായം ലഭ്യമായിരിക്കുകയില്ല.

പ്രവാസി നിയമ സഹായസെല്ലിലേയ്ക്കുള്ള അപേക്ഷകൾ ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ സഹിതം നിർദ്ദിഷ്ട ഫോറത്തിൽനോർക്ക റൂട്ട്സിന് പോസ്റ്റൽ മാർഗ്ഗം മുഖേനയോ ഇ-മെയിൽ വിലാസം മുഖേനയോ അയക്കേണ്ടതാണ്. കൂടാതെ അറബി ഭാഷയിലുള്ള രേഖകളുടെ തർജ്ജമകളും സമർപ്പിക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷകൾ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക റൂട്ട്സ്, മൂന്നാം നില, നോർക്ക സെന്റർ, തൈക്കാട്, തിരുവനന്തപുരം-695 014 എന്ന മേൽവിലാസത്തിലോ, ceo.norka@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലോ അയയ്ക്കാവുന്നതാണ്.




## പ്രവാസിസംരംഭകർക്കായി ഏകദിന പരിശീലനം സംഘടിപ്പിച്ചു

തിരികെ എത്തിയ പ്രവാസികൾക്ക് ബിസ്സിനസ്സ് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി നോർക്ക റൂട്ട്സിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് ഏകദിന പരിശീലനപരിപാടി സംഘടിപ്പിച്ചു. പ്രവാസി സംരംഭങ്ങൾക്കുള്ള നോർക്ക ബിസ്സിനസ്സ് ഫെസിലിറ്റേഷൻ സെന്ററിന്റെ നേതൃത്വത്തിലായിരുന്നു പരിശീലനം . തിരുവനന്തപുരം കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ നിന്നുള്ള 52 പ്രവാസികൾ എന്റർപ്രണർഷിപ് ഡലവപ്മെന്റ് പ്രോഗ്രാമിൽ പങ്കെടുത്തു.

നോർക്ക റൂട്ട്സ്, വ്യവസായ വകുപ്പ്, മറ്റ് ധനകാര്യസ്ഥാപനങ്ങൾ, വകുപ്പുകൾ എന്നിവ വഴി നടപ്പിലാക്കുന്ന വിവിധ സംരംഭകസഹായ പദ്ധതികൾ , വ്യവസായ സംരംഭത്തിനാവശ്യമായ വിവിധ തരം ലൈസൻസുകൾ, ജി.എസ്.ടി എന്നിവ സംബന്ധിച്ച് പരിശീലനവും പൊതു സംശയങ്ങൾക്കുള്ള മറുപടിയും നൽകി. പ്രോജക്റ്റുകൾ തയ്യാറാക്കുന്നത് സംബന്ധിച്ചും, എം.എസ്.എം.ഇ യെക്കുറിച്ചും അവബോധമുണ്ടാക്കാനുള്ള ക്ലാസുകളും പരിശീലനത്തിന്റെ ഭാഗമായി സംഘടിപ്പിച്ചിരുന്നു.

പരിശീലനത്തിന്റെ ഭാഗമായുള്ള ഫീഡ്ബാക്ക് സെഷനിൽ നോർക്കാ റൂട്ട്സ് ജനറൽ മാനേജർ അജിത് കോളശ്ശേരി, സീനിയർ എക്സിക്യൂട്ടീവ് പാർവതി. ജി.എസ് എന്നിവർ പങ്കെടുത്തു. നോർക്ക റൂട്ട്സ് എൻ. ബി.എഫ്.സി പ്രോജക്ട്സ് മാനേജർ സുരേഷ് കെ.വി സീനിയർ പ്രോഗ്രാം കോർഡിനേറ്റർ ഷറഫുദ്ദീൻ. ബി എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

പ്രവാസികൾക്കും, വിദേശത്തുനിന്നും തിരികെവന്നവർക്കും ബിസ്സിനസ്സ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങളും, സഹായവും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നോർക്ക റൂട്ട്സ് ആരംഭിച്ച സംവിധാനമാണ് നോർക്ക ബിസ്സിനസ്സ് ഫെസിലിറ്റേഷൻ സെന്റർ.



## പ്രവാസികൾക്കായി 9 ജില്ലകളിൽ സംരംഭകത്വ പരിശീലനം

തിരികെയെത്തിയ പ്രവാസികൾക്കായി നോർക്ക റൂട്ട്സും സെന്റർ ഫോർ മാനേജ്മെന്റും സംയുക്തമായി ജനുവരി 6 മുതൽ 18 വരെ സംരംഭതക്വ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു.തിരുവനന്തപുരം മുതൽ കോഴിക്കോട് വരെയുള്ള ഒൻപതു ജില്ലകളിലെ പ്രവാസിസംരംഭകർക്ക് ബിസ്സിനസ്സ് ആശയങ്ങൾ സംബന്ധിച്ച അവബോധം നൽകുക എന്നതാണ് പരിശീലനത്തിന്റെ ലക്ഷ്യം.

ജനുവരി ആറിന് തിരുവനന്തപുരത്തും, ഏഴിന് ആലപ്പുഴയിലും, പത്തിന് കോഴിക്കോട്ടും, 11-ന് കോട്ടയം, മലപ്പുറം ജില്ലകളിലും, 12-ന് കൊല്ലത്തും 13-ന് എറണാകുളം, പാലക്കാട് ജില്ലകളിലും 18-ന് തൃശ്ശൂർ ജില്ലയിലുമാണ് പരിശീലനം.

പ്രവാസ ജീവിതം അവസാനിപ്പിച്ച് മടങ്ങി വരുന്നവരുടെ പുനരധിവാസത്തിനായി സംസ്ഥാന സർക്കാർ നോർക്ക റൂട്ട്സ് വഴി നടപ്പിലാക്കുന്ന നോർക്ക ഡിപ്പാർട്ട്മെന്റ് പ്രൊജക്റ്റ് ഫോർ റീട്ടേൺഡ് എമിഗ്രന്റ് (NDPREM) പദ്ധതി പ്രകാരമാണ് പരിശീലനം. കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം, വാണിജ്യം, ചെറുകിട വ്യവസായം,സർവീസ് മേഖല, നിർമാണ യൂണിറ്റുകൾ, ബിസിനസ് മേഖല എന്നിവയിലേക്കാണ് പരിശീലനം നൽകുന്നത്. സൗജന്യ സംരംഭകത്വ അവബോധ പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ള പ്രവാസികൾ സിഎംഡി -യുടെ 0471-2329738 ,8078249505 എന്ന നമ്പരിൽ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യേണ്ടതാണ് .

പ്രവാസി സംരംഭങ്ങൾക്ക് ഒരു ലക്ഷം രൂപ മുതൽ പരമാവധി 30 ലക്ഷം രൂപ വരെയുള്ള വായ്പകളാണ് എൻ.ഡി.പി.ആർ.ഇ.എം പദ്ധതി പ്രകാരം അനുവദിക്കുക. കൃത്യമായ വായ്പാ തിരിച്ചടവിന് 15 ശതമാനം മൂലധന സബ്സിഡിയും (പരമാവധി മൂന്നു ലക്ഷം രൂപ വരെ) 3 ശതമാനം പലിശ സബ്സിഡിയും (ആദ്യത്തെ നാലു വർഷം) പദ്ധതി വഴി സംരംഭകർക്ക് ലഭിക്കും.

എൻ.ഡി.പി.ആർ.ഇ.എം പദ്ധതി സംസ്ഥാനത്തെ 18 ബാങ്കിങ്ങ്, ധനകാര്യസ്ഥാപനങ്ങളുടെ 6000 ത്തോളം ശാഖകൾ വഴി ലഭ്യമാണ്.







എൻ.ബി.എഫ് സി.യുടെ നേതൃത്വത്തിൽ നടത്തുന്ന സംരഭകത്വ പരിശീലനപരിപാടികളിൽ നിന്നും..




# നോർക്കയെ പഠിക്കാൻ ബീഹാർ സംഘമെത്തി

നോർക്ക റൂട്ട്സിന്റെ പ്രവർത്തനത്തേയും പദ്ധതികളേയും സംബന്ധിച്ച് പഠിക്കുന്നതിനായി ബിഹാർ സർക്കാറിന്റെ പ്രതിനിധികൾ നോർക്കാ റൂട്ട്സ് ആസ്ഥാനം സന്ദർശിച്ചു. പ്രവാസികളെ സഹായിക്കുന്നതിനായി നോർക്ക റൂട്ട്സ് നടപ്പാക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾ രാജ്യത്തിനാകെ മാതൃകയായി മാറിയ സാഹചര്യത്തിലാണ് മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ബീഹാർ സംഘമെത്തിയത്.

ബീഹാർ സർക്കാറിനെ പ്രതിനിധീകരിച്ച് സ്റ്റേറ്റ് ഓവർസീസ് പ്ലേസ്മെന്റ് ബ്യൂറോയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ രാജീവ് രഞ്ജൻ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസറും ഡെപ്യൂട്ടി ഡയറക്ടറുമായ അജിത്കുമാർ സിൻഹ, അസിസ്റ്റന്റ് ഡയറക്ടർമാരായ അശ്വജീത് കുമാർ പർഷാർ, ആശിഷ് ആനന്ദ്,ജില്ലാ എംപ്ലോയ്മെൻറ് ഓഫീസർ പിങ്കി ഭാരതി എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്.

നോർക്ക സി.ഇ.ഒ ഹരികൃഷ്ണൻ നമ്പൂതിരി, ജനറൽ മാനേജർ അജിത്ത് കോളശ്ശേരി, റിക്രൂട്ട്മെന്റ് മാനേജർ ശ്യാം . ടി കെ, അസി. മാനേജർ ബിപിൻ കുമാർ എന്നിവരുമായി സംഘം ചർച്ച നടത്തി. നോർക്കയുടെ ചില ജില്ലാ ഓഫീസുകളിലും സംഘം സന്ദർശനം നടത്തി.

# പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികൾക്ക് തുടക്കമായി ...

വിദേശ രാജ്യങ്ങളിൽ തൊഴിലന്വേഷിക്കുന്നവർക്ക് നിയമപരവും സുരക്ഷിതവുമായ കുടിയേറ്റ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും തൊഴിൽ തട്ടിപ്പുകളെക്കുറിച്ച് അവബോധം നൽകുന്നതിനുമായി നോർക്ക നടത്തുന്ന ഇക്കൊല്ലത്തെ പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികൾക്ക് തുടക്കമായി. പൊതുനിയമവ്യവസ്ഥകൾ, വിദേശ സംസ്കാരം, ജീവിതരീതികൾ, തൊഴിൽ നിയമങ്ങൾ, വിസ സ്റ്റാമ്പിങ്, ഇമ്മിഗ്രേഷൻ നടപടികൾ എന്നീ വിഷയങ്ങളെല്ലാം ഉൾപ്പെട്ടതാണ് ഏകദിന പരിശീലന പരിപാടി. നോർക്ക റൂട്ട്സിന്റെ ക്ഷേമപദ്ധതികൾ,സേവനങ്ങൾ, എന്നിവയെക്കുറിച്ച് അവബോധം നൽകാനും ഈ പരിപാടി സഹായിക്കുന്നു.

കേരളത്തിലെ വിവിധ നഴ്സിംഗ് കോളേജുകളിലാണ് ആദ്യഘട്ടമെന്ന നിലയിൽ പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികൾ നിലവിൽ ആരംഭിച്ചിട്ടുള്ളത്. കേരള സ്റ്റേറ്റ് വിമൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഭാഗമായ റീച്ച് ഫിനിഷിംഗ് സ്കൂളിന്റെ പിന്തുണയോടെയാണ് പരിപാടി സംഘടിപ്പിച്ചുവരുന്നത്.

വിദേശ രാജ്യങ്ങളിലേക്ക് കുടിയേറാനുള്ള പ്രക്രിയയെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവത്കരിക്കുന്ന രീതിയിലാണ് പ്രോഗ്രാം രൂപകൽപ്പന ചെയ്തിരിക്കുന്നത്. അക്കാദമിക് യോഗ്യതകൾ, സർട്ടിഫിക്കേഷനുകൾ, യോഗ്യതാ പരീക്ഷകൾ, ഭാഷാപരമായ ആവശ്യകതകൾ, ആവശ്യമായ പൊതുരേഖകൾ, തൊഴിൽ സാധ്യതകൾ, വിദേശത്തേക്ക് കുടിയേറുന്നതിന്റെ നേട്ടങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടും.





# ശ്രദ്ധേയമായി പ്രവാസി നിക്ഷേപ സംഗമം

പ്രവാസി നിക്ഷേപം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ മലപ്പുറത്ത് പ്രവാസി നിക്ഷേപക സംഗമം നടത്തി. പാർലമെന്റംഗം അബ്ദുസമദ് സമദാനി എംപി. ഉദ്ഘാടനം ചെയ്തു.  സംസ്ഥാനത്തിന്റെ വികസനത്തിൽ പ്രവാസികൾ വലിയ പങ്ക് വഹിച്ചിട്ടുണ്ടെന്ന്  അദ്ദേഹം പറഞ്ഞു.

കേരളം നേടിയ പുരോഗതിയിൽ പ്രവാസികളുടെ പങ്ക് വലുതാണ്. സാമൂഹികമായും സാമ്പത്തികമായും പുരോഗതി നേടുന്നതിൽ പ്രവാസികൾ സഹായിച്ചിട്ടുണ്ട്. അർഹമായ പരിഗണന അവർക്ക് തിരികെ നൽകണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. നോർക്ക റൂട്ട്സ് വൈസ് ചെയർമാൻ പി ശ്രീരാമകൃഷ്ണൻ അധ്യക്ഷത വഹിച്ചു.

നൂതന ആശയങ്ങളുമായിട്ടാണ് നിക്ഷേപ സംഗമത്തിൽ സംരംഭകർ എത്തിയത്. ലക്ഷം മുതൽ നൂറ് കോടി വരെയുള്ള സംരംഭങ്ങൾ സംഗമത്തിൽ പരിചയപ്പെടുത്തി. സംരംഭകരുടെ ആശയം മനസ്സിലാക്കാനും നിക്ഷേപത്തിന് അവസരം നൽകുന്നതിനും ഉതകുന്ന രീതിയിലായിരുന്നു പരിപാടി ഒരുക്കിയത്. നിക്ഷേപകനും സംരംഭകനും പരസ്പരം സംസാരിക്കാനും സംശയങ്ങൾ തീർക്കാനുമുള്ള അവസരവുമുണ്ടായിരുന്നു. 40 സംരംഭകരും 29 പ്രവാസി നിക്ഷേപകരും സംഗമത്തിൽ പങ്കെടുത്തു.

മാലിന്യ നിർമാർജനം, ആരോഗ്യം, വിദ്യാഭ്യാസം, ടൂറിസം, കൃഷി തുടങ്ങി വിവിധ മേഖലയിലുള്ള സംരംഭകർ സംഗമത്തിനെത്തി. വായ്പ അനുവദിക്കുന്നതിനായി വിവിധ ബാങ്കുകളും സംഗമത്തിലുണ്ടായിരുന്നു.

നോർക്ക റൂട്ട്സ് സിഇഒ കെ ഹരികൃഷ്ണൻ നമ്പൂതിരി, ജനറൽ മാനേജർ അജിത് കോളശ്ശേരി, ജില്ല വ്യവസായ കേന്ദ്രം ജനറൽ മാനേജർ രഞ്ജിത് ബാബു, ലീഡ് ബാങ്ക് മാനേജർ പിപി ജിതേന്ദ്രൻ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ് ഡെവലപ്മെന്റ് സിഇഒ ശരത് വി രാജ് എന്നിവർ സംസാരിച്ചു.



# വിദേശയാത്ര ശുഭകരമാക്കാൻ 'ഓപ്പറേഷൻ ശുഭയാത്ര..'

വിദേശത്തേയ്ക്കുള്ള അനധികൃത റിക്രൂട്ട്മെന്റുകൾ, വീസ തട്ടിപ്പുകൾ, മനുഷ്യക്കടത്ത് എന്നിവ ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന്  പ്രതിരോധനടപടികൾ സ്വീകരിക്കുന്നതിനായി മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം നിലവിൽവന്ന സംവിധാനമാണ് ഓപ്പറേഷൻ ശുഭയാത്ര.

വിദേശകാര്യ മന്ത്രാലയത്തിലെ പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസ്, കേരളാ പോലീസ്, നോർക്ക റൂട്ട്സ്, എന്നിവ സംയുക്തമായാണ്  പദ്ധതി നടപ്പാക്കുന്നത്. ക്രൈംബ്രാഞ്ച് ഐ.ജി നോഡൽ ഓഫീസറായ ഒരു സ്റ്റേറ്റ് സെല്ലും, ജില്ലകളിൽ ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് യൂണിറ്റുകളും പദ്ധതിയുടെ ഭാഗമായി പ്രവർത്തിച്ചു വരുന്നു.തീരദേശം, വിമാനത്താവളങ്ങൾ എന്നിവ മുഖേനയുള്ള മനുഷ്യക്കടത്ത് സംബന്ധിച്ച രഹസ്യ വിവരങ്ങൾക്കനുസരിച്ച് സത്വര നടപടികളാണ് സ്വീകരിച്ചു വരുന്നത്.വ്യാജ റിക്രൂട്ട്മെന്റ്, മനുഷ്യക്കടത്ത് എന്നിവയിലൂടെ വിദേശത്ത് കുടുങ്ങിപ്പോകുന്ന മലയാളികളെ ഇന്ത്യൻ എംബസി, പ്രവാസി സംഘടനകൾ എന്നിവരുടെ സഹായത്തോടെ നാട്ടിൽ തിരിച്ചെത്തിക്കുന്നതിന് നിലവിൽ നോർക്ക വകുപ്പും നടപടികൾ സ്വീകരിക്കുന്നുണ്ട്. നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവയ്ക്കെതിരെ കേരള പോലീസും നോർക്കയും  ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചുവരുന്നു.

ഓപ്പറേഷൻ ശുഭയാത്രയുടെ ഭാഗമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ നമ്പരും ഇ-മെയിൽ ഐഡികളും നിലവിൽവന്നിട്ടുണ്ട്.  വിദേശ തൊഴിൽ തട്ടിപ്പുകളുമായി ബന്ധപ്പെട്ട  പരാതികൾ

spnri.pol@kerala.gov.in, dyspnri.pol@kerala.gov.in എന്നീ ഇ മെയിലുകൾ വഴിയും, 0471-2721547 എന്ന ഹെൽപ്പ്ലൈൻ നമ്പറിലും അറിയിക്കാം.





# 'ട്രിപ്പിൾവിൻ' വിജയഗാഥ

ട്രിപ്പിൾവിൻ ഫാസ്റ്റ് ട്രാക്ക് വഴി ജോലി ലഭിച്ച് ജർമനിയിലേയ്ക്ക് ആദ്യം യാത്രയായ അയോണയും ജ്യോതിയും കൊച്ചി വിമാനത്താവളത്തിൽ

നോർക്ക റൂട്ട്സും ജർമൻ ഫെഡറൽ എംപ്ലോയ്മെന്റ് ഏജൻസിയും സംയുക്തമായി നടപ്പാക്കുന്ന നഴ്സിംഗ് റിക്രൂട്ട്മെന്റ് പദ്ധതിയാണ് ട്രിപ്പിൾ വിൻ. 2021 ഡിസംബർ 2 ന് ഒപ്പുവച്ച കരാർ പ്രകാരമാണ് ഇത് നിലവിൽ വന്നത്. 2022 മെയ് മാസം 2 മുതൽ 13 വരെ ജർമ്മൻ ഏജൻസി ഫോർ ഇന്റർനാഷണൽ കോ ഓപ്പറേഷനിലേയും ഫെഡറൽ എംപ്ലോയ്മെന്റ് ഏജൻസിയിലെയും ഉദ്യോഗസ്ഥർ തിരുവനന്തപുരത്ത് ക്യാമ്പ് ചെയ്ത് നഴ്സുമാർക്കായി അഭിമുഖം നടത്തി. ആദ്യഘട്ടത്തിൽ പങ്കെടുത്ത 400 പേരിൽ നിന്നും 272 പേരെ പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്തു. അവരുടെ ജർമൻ ഭാഷാ പരിശീലനം അന്തിമഘട്ടത്തിലാണ്.

ട്രിപ്പിൾ വിൻ പ്രോഗ്രാമിന്റെ ഭാഗമായ ഫാസ്റ്റ് ട്രാക്ക് പദ്ധതിയിലൂടെ ജർമൻ ഭാഷ യോഗ്യത ഇതിനകം തന്നെ കരസ്ഥമാക്കിയ നഴ്സുമാർ ജർമ്മനിയിലെത്തി തൊഴിലിൽ പ്രവേശിച്ചു കഴിഞ്ഞു.

നഴ്സുമാരുടെ റിക്രൂട്ട്മെന്റിന്റെ രണ്ടാംഘട്ട അഭിമുഖം നവംബറിൽ തിരുവനന്തപുരത്ത് നടന്നു. 634 പേരാണ് അഭിമുഖത്തിനെത്തിയത്. ഇവരിൽനിന്നുള്ള 550 പേരുടെ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചു. രണ്ട് ഘട്ടങ്ങളിലായിട്ടാണ് ഇവർക്കുള്ള ഭാഷാപരിശീലനം നൽകുന്നത്. ആദ്യ ബാച്ചിൽ 300 പേർ രണ്ടാമത്തെ ബാച്ചിൽ 250 പേർ എന്നിങ്ങനെ പരിശീലനം നൽകും. ആദ്യ ബാച്ചിന്റെ പരിശീലനം ജനുവരി 23ന് തിരുവനന്തപുരം കൊച്ചിയിലുമായി ആരംഭിക്കും.

പരിശീലനം പൂർത്തിയായ ശേഷമായിരിക്കും ഇവരെ ജർമ്മനിയിലേക്ക് അയയ്ക്കുക. ജർമ്മനിയിൽ എത്തിയ ശേഷവും ഭാഷാപരിശീലനവും തൊഴിൽ സാഹചര്യവുമായി ഇണങ്ങിചേർന്ന് ജർമ്മൻ രജിസ്ട്രേഷൻ നേടാനുള്ള പരിശീലനവും സൗജന്യമായി അവർക്ക് ലഭിക്കും. ജർമ്മൻ ഭാഷയിലെ ഏ വൺ മുതൽ ബി 2 വരെയുള്ള കോഴ്സ് ഫീ, പരീക്ഷാ ഫീസ്, ട്രാൻസിലേഷന് വേണ്ടിവരുന്ന ചെലവ്, അറ്റസ്റ്റേഷന് വേണ്ടിവരുന്ന ചെലവ്, വിമാന ടിക്കറ്റ് തുടങ്ങി ഇതുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും ചേർത്ത് ഏകദേശം രണ്ടര ലക്ഷം രൂപയോളം ഒരു നേഴ്സിനായി ചെലവഴിച്ചാണ് ജർമ്മൻ ഏജൻസി റിക്രൂട്ട്മെൻറ് സാധ്യമാകുന്നത്. ഏറ്റവും ഉയർന്ന തുടക്ക ശമ്പളം, സമ്പത്തിനനുസരിച്ച് ഉയർന്ന ശമ്പളം, പങ്കാളിക്കും കുട്ടികൾക്കും വിസ തുടങ്ങി ജർമ്മനിയിലെ പൗരന്മാർക്ക് അനുഭവവേദ്യമാകുന്ന എല്ലാ സൗകര്യങ്ങളും ലഭ്യമാകുവാൻ ഈ പ്രോഗ്രാമിലൂടെ അവസരമുണ്ട്.

ട്രിപ്പിൾ വിൻ നഴ്സ്പ്രോഗ്രാം വൻവിജയമായതിനെ തുടർന്ന് ട്രിപ്പിൾ വിൻ ഹോസ്പിറ്റാലിറ്റി എന്ന പുതിയ പ്രോജക്ട് കൂടി നടപ്പിലാക്കുവാൻ ജർമൻ ഏജൻസി താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഇത് യാഥാർത്ഥ്യമായാൽ ഹോട്ടൽ മാനേജ്മെന്റ്, ടൂറിസം തുടങ്ങിയ മേഖലകളിലെ യോഗ്യരായ ഉദ്യോഗാർത്ഥികൾക്കും മികച്ച തൊഴിലവസരങ്ങൾ ലഭിക്കും.



## നോർക്കയുടെ മലപ്പുറം ജില്ലാ സെല്ലിന് പുതിയ ഓഫീസ്

നോർക്ക റൂട്ട്സ് മലപ്പുറം ജില്ലാ ഓഫീസിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റി. മലപ്പുറം ബസ്സ്സ്റ്റാന്റിന് സമീപമുള്ള മുൻസിപ്പൽ ബിൽഡിങ്ങിലാണ് പുതിയ ഓഫീസ്. പുതിയ ഓഫീസിന്റെ ഉദ്ഘാടനം മലപ്പുറം മുൻസിപ്പൽ ചെയർമാൻ മുജീബ് കടേരി നിർവഹിച്ചു. ചടങ്ങിൽ വാർഡ് കൗൺസിലർ സുരേഷ് മാസ്റ്റർ, വിവിധ പ്രവാസി സംഘടനാ പ്രതിനിധികൾ, നോർക്ക ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിച്ചു.

പ്രവാസികൾക്കായി നോർക്ക റൂട്ട്സ് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളും, സേവനങ്ങളും ജില്ലാ സെൽ വഴി ലഭ്യമാണ്. വിവരങ്ങൾക്ക് 0483-2732922 നമ്പറിൽ ബന്ധപ്പെടാം.

24x7 Norka Global Contact Centre Toll Free Number 1800 425 3939 (India) International missed call service - +91-8802 012345

NORKA ROOTS, Norka Centre, Thycaud, Thiruvananthapuram,-695014 Phone 0471-2770500, 2332416, 2332452 fax: 0471-2326263 email: mail@norkaroots.org, www.norkaroots.org
Printed and published by CEO Norka Roots on behalf of Government of Kerala No of copies 500, For free distribution Januay 2023